ജനവരി

1

വ്യാഴം 2026

# വിദ്യാവാഹിനി

സെന്റ്. ലിറ്റിൽ തെരേസാസ് ഹൈസ്കൂൾ വാഴക്കുളം

PREPARED BY : LITTLE KITES MEMBERS



## കുഞ്ഞി പൂമ്പാറ്റകളെ വരവേറ്റു; പ്രവേശനോത്സവം

സെന്റ്. ലിറ്റിൽ തെരേസാസ് ഹൈസ്കൂൾ പ്രവേശനോത്സവം മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ ജി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ലോക്കൽ മാനേജർ സി.ആൻഗ്രേയ്സ് അധ്യക്ഷസ്ഥാനം അലങ്കരിച്ചു. ഹെഡ്മിസ്ട്രസ് സി.മെറിൻ സി.എം.സി യോഗത്തിന് സ്വാഗതം പറഞ്ഞു. പി ടി എ പ്രസിഡന്റ് ശ്രീ. റെബി ജോസ്, എം പി ടി എ പ്രസിഡന്റ് ശ്രീമതി . ഡിനി മാത്യു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു പ്രവേശനോത്സവ ചടങ്ങുകൾക്ക് ശേഷം കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സി. ശാലിനി യോഗത്തിന് നന്ദി പറഞ്ഞു. തുടർന്ന് നവാഗതരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. നവാഗതരായ കുട്ടികളെ ക്ലാസിലേക്ക് ആനയിക്കുകയും അവർക്ക് മധുര പലഹാര വിതരണം നടത്തുകയും ചെയ്തു.സർക്കാർ തയ്യാറാക്കിയ ഔദ്യോഗിക പ്രവേശനോത്സവ ഗാനത്തിന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഫോട്ടോ, വീഡിയോ എന്നിവ ചേർത്ത് ആകർഷകമായ പ്രവേശനോത്സവ വീഡിയോ തയ്യാറാക്കി.

## കെ സി എസ് എൽ പ്രവർത്തനവർഷ ഉദ്ഘാടനം

ആത്മീയ ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാകണം നമ്മുടെ വിദ്യാഭ്യാസരംഗം എന്ന കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കുന്ന സംഘടനയാണ് കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് (KSCL). വിദ്യാർത്ഥികളുടെ ആത്മീയ, ശാരീരിക, ബൗദ്ധിക തലങ്ങളിലെ സമഗ്രമായ വളർച്ചയിൽ ഈ സംഘടന പ്രധാന പങ്കുവഹിക്കുന്നു.കെ സി എസ് എൽ സംഘടനയുടെ 2025 - 26 പ്രവർത്തനവർഷ ഉദ്ഘാടനം ബഹുമാനപ്പെട്ട ജോസ് മോനിപ്പിള്ളി അച്ചൻ നിർവഹിച്ചു.കെ സി എസ് എൽ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. അനിമേറ്റർസ് ആയ സി ജിബി ജോൺ , ബിൻസി ടീച്ചർ .



എന്നിവർ സന്നിഹിതരായിരുന്നു സ്കൂൾ വർഷാരംഭത്തിന്റെ ഭാഗമായി സ്കൂൾ ബസ് വെഞ്ചിരിപ്പും നടന്നു. ഉദ്ഘാടനം ബഹുമാനപ്പെട്ട ജോസ് മോനിപ്പിള്ളി അച്ചൻ നിർവഹിച്ചു

## മെറിറ്റ് ഡേ

പത്താം ക്ലാസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിക്കലിന്റെ ഭാഗമായി ജൂൺ ആറാം തീയതി വെള്ളിയാഴ്ച മെറിറ്റ് ഡേ നടത്തി.മൂവാറ്റുപുഴ എം എൽ എ ഡോ. മാത്യു കുഴൽനാടൻ യോഗം ഉദ്ഘാടനം ചെയ്യുകയും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയവരെയും, ഒൻപത് വിഷയങ്ങൾക്ക് എ പ്ലസ് കിട്ടിയവരെയും ആദരിക്കുകയും ചെയ്തു. വിദ്യാർത്ഥി പ്രതിനിധി കുമാരി ദേവിക എം നായർ യോഗത്തിന് നന്ദി പറഞ്ഞു.തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ.



# സമഗ്ര പ്ലസ് ട്രെയ്നിങ് മാതാപിതാക്കൾക്ക്




ജൂലൈ 21 മാതാപിതാക്കൾക്കായി സമഗ്ര പ്ലസിനെ കുറിച്ച് ക്ലാസ്സെടുത്തു.10 എ, ബി, സി, ക്ലാസ്സുകാരുടെ പി.ടി.എ.മീറ്റിങ്ങിനിടെയാണ് ക്ലാസ്സെടുത്തത് കൈറ്റ് മാസ്റ്റർ ബിബീഷ് സാറിന്റെ സഹായത്തോടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് ക്ലാസിനു നേതൃത്വം നൽകിയത്.പാഠ്യപദ്ധതിയും പഠന ലക്ഷ്യങ്ങളുമായി കൈറ്റ് രൂപകൽപന ചെയ്ത നൂതന സാങ്കേതിക മൾട്ടീമീഡിയ സൗകര്യമായ സമഗ്രാ ലേർണിംഗ് റൂം ,പോഡ്കാസ്റ്റ് ,മാതൃക ചോദ്യപേപ്പർ ,പാഠപുസ്തകകൾ ഡൗലോഡ് ചെയ്യുന്നതെങ്ങനെ തുടങ്ങിയ കാര്യങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രെസൻറ്റേഷൻ സഹായത്തോടെ പരിചയപ്പെടുത്തി.

# ബാലവേല വിരുദ്ധദിനം

ബാലവേല തടയുന്നതിനുള്ള അവബോധവും പ്രവർത്തനവും വളർത്തുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി ലോക ബാലവേല വിരുദ്ധ ദിനം ജൂൺ പന്ത്രണ്ടാം തീയതി സ്കൂളിൽ സമുചിതമായി ആചരിച്ചു.കുട്ടികൾ വിവിധ തരത്തിലുള്ള പോസ്റ്ററുകൾ തയ്യാറാക്കി അസംബ്ലിയിൽ പ്രദർശിപ്പിച്ചു.മെറിൻ സി എം സി. ദിനാചരണത്തിന്റെ പ്രാധാന്യം കുട്ടികളെ ഓർമ്മപ്പെടുത്തി.



# യോഗാദിനം

ജൂൺ 21 യോഗാദിനത്തോടനുബന്ധിച്ച് എസ് പി സി , ലിറ്റിൽകൈറ്റ്സ് , ജെ ആർ സി , സ്കൗട്ട് ആൻഡ് ഗൈഡ് കുട്ടികൾക്ക് യോഗ പരിശീലനം നടത്തി. യോഗ ക്വിസ് മത്സരം സംഘടിപ്പിച്ചു.



# സ്കൂൾ പ്രയർ ഗ്രൂപ്പിന് തുടക്കമിട്ടു

പ്രാർത്ഥന ആത്മാവിനും ശരീരത്തിനും മനസ്സിനും ഉന്മേഷം പകരുന്നു. ദൈവത്തിൽ ആശ്രയിച്ചുള്ള പഠനവും പ്രവർത്തനവും കൂടുതൽ ഫലദായകമാണ് എന്ന ബോധ്യം സ്വന്തമാക്കി ആത്മീയതയിൽ വളർന്നു വരുവാൻ കുട്ടികളെ പ്രചോദിപ്പിച്ചു കൊണ്ട് ജൂൺ പതിനേഴാം തീയതി സ്കൂൾ പ്രയർ ഗ്രൂപ്പിന് ആരംഭം കുറിച്ചു. സിസ്റ്റർ കാരുണ്യ സി എം സി പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് കുട്ടികൾക്ക് ക്ലാസുകൾ എടുക്കുകയും ഹെഡ്മിസ്ട്രസ് സിസ്റ്റർ മെറിൻ സി എം സി തിരിതെളിച്ച് ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു. ഓരോ ക്ലാസിലെയും ലീഡേഴ്സിന് ദീപം തെളിച്ചു നൽകി ദൈവം അവരുടെ ജീവിതത്തിൽ ഉടനീളം പ്രകാശമായിരിക്കട്ടെ എന്ന് ആശംസിച്ചു.

## വിദ്യാരംഗം കലാസഹിത്യവേദിയുടെയും ഇതര ക്ലബ്ബുകളുടെയും ഉദ്ഘാടനം

ജൂൺ 19ന് വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും, മാക്സ് ,സയൻസ് , സോഷ്യൽ സയൻസ്, നേച്ചർ, ഇംഗ്ലീഷ് ,ഹിന്ദി എന്നീ ക്ലബ്ബുകളുടെയും ഔപചാരിക ഉദ്ഘാടനം നടത്തി.ഹെഡ്മിസ്ട്രസ് സിസ്റ്റർ മെറിൻ സി എം സി അധ്യക്ഷത വഹിച്ച മീറ്റിംഗിൽ സോക്രട്ടീസ് അക്കാദമി ഡയറക്ടറും അധ്യാപകൻ ,



സംവിധായകൻ എന്നീ നിലയിൽ പ്രശസ്തനമായ ശ്രീ .അജയ് വേണു പെരിങ്ങാശ്ശേരി ഉദ്ഘാടന കർമ്മം നിർവഹിച്ചു. കുട്ടികളുടെ വിവിധ മികവാർന്ന കലാപരിപാടികളും നടന്നു.അജയ് വേണു പെരിങ്ങാശ്ശേരിക്ലബ്ബുകളുടെ ഉദ്ഘടനകർമ്മം നിർവഹിക്കുന്നു

# ബഷീർ ദിനാചരണം



ജൂലൈ 7 തിങ്കളാഴ്ച ബഷീർ ദിനത്തോടനുബന്ധിച്ച് സെന്റ്. ലിറ്റിൽ തെരേസാസ് ഹൈസ്കൂളിൽ പ്രത്യേക അസംബ്ലി സംഘടിപ്പിച്ചു. രാവിലെ 11:15 അസംബ്ലി ആരംഭിച്ചു. 9 ബി ക്ലാസിലെ കുട്ടികളാണ് അസംബ്ലി നടത്തിയത്. ഈശ്വര പ്രാർത്ഥനയോടെയാണ് അസംബ്ലി ആരംഭിച്ചത് ജെഫ്രിൻ ജോമി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

മഞ്ജിമ ഷൈജൻ പ്രധാന വാർത്തകൾ വായിച്ചു. വൈക്കം മുഹമ്മദ് ബഷീറിനെ കുറിച്ചും, അദ്ദേഹം രചിച്ച കൃതികളെക്കുറിച്ചും ആഗി മരിയ റോബി എല്ലാവർക്കും ഒരു അവലോകനം നൽകി. സ്കൂൾ കൊയറിന്റെ വക ബഷീർ ദിനത്തോടനുബന്ധിച്ച് കവിതാലാപനം നടത്തി. അന്നാ ഷിബു ബഷീറിന്റെ കൃതിയിലെ മുച്ചീട്ടുകാരന്റെ മകളായ സൈനബയെ അവതരിപ്പിച്ചു. മഞ്ജിമ ഷൈജൻ പ്രധാന വാർത്തകൾ വായിച്ചു. വൈക്കം മുഹമ്മദ് ബഷീറിനെ കുറിച്ചും, അദ്ദേഹം രചിച്ച കൃതികളെക്കുറിച്ചും ആഗി മരിയ റോബി എല്ലാവർക്കും ഒരു അവലോകനം നൽകി. സ്കൂൾ കൊയറിന്റെ വക ബഷീർ ദിനത്തോടനുബന്ധിച്ച് കവിതാലാപനം നടത്തി. അന്നാ ഷിബു ബഷീറിന്റെ കൃതിയിലെ മുച്ചീട്ടുകാരന്റെ മകളായ സൈനബയെ അവതരിപ്പിച്ചു. ബഷീറിന്റെ ജീവചരിത്ര വിവരണം.

# സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്

ജൂലൈ 16-ാം തീയതി സെന്റ് ലിറ്റിൽ തെരേസാസ് ഹൈസ്കൂളിൽ വച്ച് സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. 10:30 യോടെ തിരഞ്ഞെടുപ്പ് ആരംഭിച്ചു സ്കൂൾ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ മെറിൻ ഉദ്ഘാടനം ചെയ്തു. സിസ്റ്റർ മരിയ തെരേസ്, സുനിത ടീച്ചർ, ബിബീഷ് സാർ എന്നിവർ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി.ലിറ്റിൽ കൈറ്റ്സ്, ജെ.ആർ.സി, സ്കൗട്ട് ആൻഡ് ഗൈഡ്,എസ്.പി.സി എന്നിങ്ങനെ വിവിധ ക്ലബ്ബുകളിലെ അംഗങ്ങളുടെ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു.4 ബൂത്തുകളിലായി പോളിംങ് നടന്നു.ഓരോ ബൂത്തുകളിലും 5 ഘട്ടങ്ങളായാണ് പോളിംങ് നടന്നത്.ക്ലാസ്സ് അടിസ്ഥാനത്തിൽ എസ്.പി.സി കുട്ടികൾ വിദ്യാർത്ഥികളെ പോളിംങ് ബൂത്തിലേക്ക് കൊണ്ടുവന്നു. ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് ഇലക്ഷൻ എന്ന ഓപ്പൺ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് നടന്നത് .11:30 യോടെ തിരഞ്ഞെടുപ്പ് അവസാനിച്ചു.




## വിദ്യാരംഗം കലാസാഹിത്യവേദി ഉപജില്ലാതല ഉദ്ഘാടനം

2025 ജൂലൈ 11 ന് വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉപജില്ലാതല ഉദ്ഘാടനവും നാടൻപാട്ട് ശില്പശാലയും കദളിക്കാട് വിമല മാതാ ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് വളരെ ഭംഗിയായി നടന്നു. കോട്ടപ്പടി സൗത്ത് ഗവൺമെന്റ് എൽ പി സ്കൂളിലെ അധ്യാപകനും കലാകാരനും മോട്ടിവേഷണൽ ട്രെയിനറുമായ ശ്രീ എം.ആർ ശൈലേഷ് ആണ് ഉദ്ഘാടന കർമ്മം നിർവഹിച്ചത്. ഓരോ സ്കൂളിൽ നിന്നും ഒരു അധ്യാപകനും വിദ്യാർത്ഥിയും ആണ് പങ്കെടുത്തത്. നമ്മുടെ സ്കൂളിലെ മികച്ച ഗായികയായ ക്രിസ്റ്റീനാ സാജു നാടൻപാട്ട് ശില്പശാലയിൽ അതിഗംഭീരമായി ഒരു കൃഷിപ്പാട്ട് പാടുകയുണ്ടായി. അങ്ങനെ കുട്ടികൾക്ക് അവരുടെ സർഗ്ഗശേഷി വിലയിരുത്തുവാനും പ്രകടിപ്പിക്കാനും ഉള്ള വേദി ഒരുക്കുകയാണ് വിദ്യാരംഗം കലാ സാഹിത്യ വേദി.

## സ്കൂൾ വാർത്താ ചാനൽ ഉദ്ഘാടനം

ജൂലൈ 16-ാം തീയതി സെന്റ് ലിറ്റിൽ തെരേസാസ് ഹൈസ്കൂളിൽ സ്കൂൾ വാർത്താ ചാനൽ ഉദ്ഘാടനം നടത്തി.അധ്യാപകരായ ബിബീഷ് സാർ, ടിന്റു ടീച്ചർ എന്നിവരുടെയും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും നേതൃത്വത്തിലാണ് സ്കൂൾ വാർത്താ ചാനൽ ആരംഭിച്ചത്. തെരേസാസ് ന്യൂസ് എന്ന പേരിൽ ആരംഭിച്ച ചാനലിന്റെ ഔദ്യോഗിക ഉദ്ഘാടനം സ്കൂൾ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ മെറിൻ നിർവ്വഹിച്ചു.സ്കൂൾ വാർത്ത ചാനൽകുട്ടികൾക്ക് കൂടുതൽ മുതൽക്കൂട്ടായി.

# സ്കൂൾ വിക്കി പരിശീലനം



സെന്റ് ലിറ്റിൽ തെരേസാസ് ഹൈസ്കൂളിൽ ജൂലൈ 16 തീയതി അധ്യാപകർക്കു സ്കൂൾ വിക്കി പരിശീലനം നൽകി. വൈകിട്ടു 4 മണിയോടെ ക്ലാസ്സ് ആരംഭിച്ചു. കൈറ്റ് മാസ്റ്റർ ബിബീഷ് സാർ ക്ലാസ്സിന് നേതൃത്വം നൽകി.ക്ലാസ്സിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുറച്ചു കുട്ടികൾ പങ്കെടുക്കുകയും ചെയ്തു. സ്കൂളിലെ ഐ. ടി പ്രവർത്തനങ്ങൾ, സ്കൂൾ വിക്കി എന്നിവയായിരുന്നു ക്ലാസ്സിന്റെ വിഷയങ്ങൾ.

## വിദ്യാരംഗം ഉപജില്ലാതല സെമിനാർ

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ കല്ലൂർക്കാട് ഉപജില്ലാതല സെമിനാറിൽ പങ്കെടുത്ത പത്താം ക്ലാസ് വിദ്യാർത്ഥിയായ ആൽബർട്ട് ജീമോൻ ജോർജ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. വളരെ മനോഹരമായ പ്രകടനം കാഴ്ചവെച്ച അൽബേർട്ട് ജീമോൻ ജോർജിനെ സന്തോഷത്തോടെ പ്രോത്സാഹിപ്പിച്ചു.



# വായനാദിനം; ആചരിച്ചു

കേരള ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച പി എൻ പണിക്കരുടെ ചരമദിനമായ ജൂൺ പത്തൊൻപത് വായനാദിനമായി ആചരിച്ചു .ദിനാചരണത്തിന്റെ ഭാഗമായി സ്കൂളിൽ അസംബ്ലി നടത്തി. 10എ ക്ലാസ്സിലെ കുട്ടികൾ ആണ് ഇതിന് നേതൃത്വം നൽകിയത്. കുട്ടികൾ പ്ലക്കാർഡുകൾ നിർമിക്കുകയും ഹെഡ്മിസ്ട്രസ് സി. മെറിൻ വായനാദിന പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. കുട്ടികൾ അവതരിപ്പിച്ച പി എൻ പണിക്കരെക്കുറിച്ചുള്ള കവിതാലാപനം, പുസ്തക നിരൂപണം, എന്നിവ ഏറെ ശ്രദ്ധേയമായിരുന്നു.ജലഛായം, ഓയിൽ പെയിന്റിങ്, കാർട്ടൂൺ, വായന മത്സരം എന്നിവ ജൂൺ 19 മുതൽ ജൂൺ 30 വരെയുള്ള ദിവസങ്ങളി



## സ്കൂൾ കലോത്സവം



ജൂലൈ 18-ാം തീയതി സെന്റ് ലിറ്റിൽ തെരേസാസ് ഹൈസ്കൂളിൽ സ്കൂൾ കലോത്സവം നടന്നു.രാവിലെ 10 മണിയോടെ മത്സരങ്ങൾ ആരംഭിച്ചു. കലാധ്യാപിക ശ്രീലക്ഷ്മി ടീച്ചറിൻ്റെ നേതൃത്വത്തിൽനടത്തിയ പരിപാടികളിൽ യു.പി വിഭാഗം നാടോടി നൃത്തത്തിൽ അക്ഷര ബിനോയ് ഒന്നാം സ്ഥാനവും അർജവ് ദേവ് അഖിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.എച്ച്.എസ് വിഭാഗം നാടോടി നൃത്തത്തിൽ അന്ന ഷിബു ഒന്നാം സ്ഥാനവും ആൽബിറ്റ പീറ്റർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മലയാളം,ഇംഗ്ലീഷ്, ഹിന്ദി അധ്യാപകരായ അഞ്ജു ടീച്ചർ, ഷെല്ലി ടീച്ചർ, മേരി ടീച്ചർ, മെറ്റിൽഡ ടീച്ചർ, എൽദോ സാർ, ടിന ടീച്ചർ, അനിത ടീച്ചർ, അബിത ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ മത്സരങ്ങൾ നടത്തി. കരസ്ഥമാക്കി .ഇംഗ്ലീഷ് പദ്യം ചൊല്ലലിൽ എച്ച്.എസ് വിഭാഗം ജോൺ പോൾ ബിജു ഒന്നാം സ്ഥാനവും ആഗി മരിയ റോബിയും ആര്യനന്ദ എസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി . എച്ച്.എസ് വിഭാഗം പ്രസംഗം മത്സരത്തിൽ ജോൺ പോൾ ബിജു ഒന്നാം സ്ഥാനവും സാറ മേരി ബൈജു രണ്ടാം സ്ഥാനവും നേടി. എച്ച്.എസ് വിഭാഗം ആൺകുട്ടികളുടെ മാപ്പിളപ്പാട്ട് മത്സരത്തിൽ ജോയേൽ ജയ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ജോൺ പോൾ ബിജു ഉപജില്ലാ കലോത്സവത്തിൽ പങ്കെടുക്കാൻ അർഹനായി. മലയാളം പ്രസംഗം മത്സരത്തിൽ ഹൈസ്കൂളിൽ ജോൺ പോൾ ബിജു ഒന്നാം സ്ഥാനവും എഡ്വിൻ പൗലോ ബിജു രണ്ടാം സ്ഥാനവും നേടി. മലയാളം പദ്യം ചൊല്ലലിൽ യു. പി വിഭാഗം ജീവന രാജീവ് ഒന്നാം സ്ഥാനവും അന്ന ബോബിൻ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## ലോക ലഹരിവിരുദ്ധ ദിനം

ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ജൂൺ 26 ആം തീയതി പ്രത്യേക അസംബ്ലി സംഘടിപ്പിച്ചു. കുട്ടികൾ അവതരിപ്പിച്ച ലഹരിക്കെതിരെയുള്ള ഫ്ലാഷ് മോബ് ഏറെ ശ്രദ്ധേയമായിരുന്നു. ഹെഡ്മിസ്ട്രസ് സിസ്റ്റർ മെറിൻ സി എം സി ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എസ് പി സി, ജെ ആർ സി കുട്ടികൾ ലഹരി വിരുദ്ധ ദിനത്തിൽ അണിനിരന്നു. സ്കൂളിൽ കേരള സംസ്ഥാന എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഹൈസ്കൂൾ കുട്ടികൾക്കായി ഖസാക്കിൻ്റെ ഇതിഹാസം, ഒരു സങ്കീർത്തനം പോലെ, ആലാഹയുടെ പെണ്മക്കൾ എന്നീ നോവലുകൾ വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്ന മത്സരത്തിൽ കുട്ടികൾ പങ്കെടുത്തു.



## വിശുദ്ധിയുടെ പാതയിലേക്ക് എസ് എൽ റ്റി എച്ച് എസ്

ജുൺ 30ാം തീയതി തിങ്കളാഴ്ച്ച സെന്റ്.ലിറ്റിൽ തെരേസാസ് ഹൈസകൂളിൽ തിരുഹൃദയത്തിരുന്നാളിനോട് അനുബന്ധിച്ച് വെഞ്ചിരിപ്പ് നടന്നു . രാവിലെ 10 മണിക്ക് പ്രർത്ഥനയോ വെഞ്ചിരിപ്പ് ആരംഭിച്ചു.അധ്യാപകരും കുട്ടികളും പ്രാർത്ഥനയിൽ പങ്കെടുത്തു. ഫാ.ജോസ് മോനിപ്പിള്ളിയും , ഫാ.ഡെൽബിൻ കുരീക്കാട്ടിലും വെഞ്ചിരിപ്പ് കർമ്മങ്ങൾ നിർവ്വഹിച്ചു. 11:00 മണിയോടെ വെഞ്ചിരിപ്പ് അവസാനിച്ചു.ഫാ .ജോസ് മോനിപ്പിള്ളിൽ വെഞ്ചിരിപ്പ് പ്രാർത്ഥനയിൽ.





## സ്വാതന്ത്ര്യദിനാഘോഷം

വെള്ളിയാഴ്ച്ച ഓഗസ്റ്റ് 15 സെന്റ്. ലിറ്റിൽ തെരേസാസ് ഹൈസ്കൂളിൽ സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു. 8:30 ഓടെ ഹെഡ്മിസ്ട്രസ് സിസ്റ്റർ മെറിൻ ദേശീയപതാക ഉയർത്തി. തുടർന്ന് കുട്ടികളുടെ പ്രച്ഛന്നവേഷ മത്സരവും ഉണ്ടായിരുന്നു. തുടർന്ന് കല്ലൂർക്കാട് ജംഗ്ഷൻൽ റാലി ആരംഭിച്ചു. എസ്.പി.സി, ലിറ്റിൽ കൈറ്റ്സ്, ജെ.ആർ.സി, സ്കൗട്ട് ആൻഡ് ഗൈഡ് എന്നീ ക്ലബ്ബുകളിലെ കുട്ടികളും മറ്റു വിദ്യാർത്ഥികളും പങ്കെടുത്തു.ബസ് സ്റ്റാൻഡിൽ എത്തിച്ചേർന് ഒരു മീറ്റിങ്ങിനു ശേഷം കുട്ടികൾക്ക് പലഹാരങ്ങൾ വിതരണം ചെയ്തു. തുടർന്ന് 12:30 ഓടെ പരിപാടികൾ അവസാനിച്ചു.ഇന്ത്യയുടെ 79-ാം സ്വാതന്ത്ര്യദിനം ഇന്ന് St. Little Teresa's school സമുചിതമായി ആചരിച്ചു. രാവിലെ 8.30 ന് School HM Sr Merin പതാക ഉയർത്തി സ്വാതന്ത്ര്യ ദിന സന്ദേശം നൽകി.

## പി ടി എ ജനറൽ ബോഡി മീറ്റിംഗ്



ജൂൺ 17 ചൊവാഴ്ച സ്കൂൾ ഓഡിറ്റോറിയത്തിൽ പി ടി എ ജനറൽ ബോഡി മീറ്റിംഗ് നടത്തി. കൗൺസലിങ് വിദഗ്ധനം സൈക്കോതെറാപ്പിസ്റ്റുമായ ഡോ. ജെയിംസ് മണിത്തോട്ടം മാതാപിതാക്കൾക്ക് ക്ലാസെടുത്തു. കുട്ടികളിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗവും പെരുമാറ്റ വൈകല്യങ്ങളെക്കുറിച്ചുമായിരുന്നു വിഷയം.. തുടർന്ന് പുതിയ പി ടി എ അംഗങ്ങളെയും പ്രസിഡൻ്റിനെയും തെരഞ്ഞെടുത്തു.വേദിയിൽ ലോക്കൽ മാനേജർ സി. ആൻഗ്രെയിസ്, ഹെഡ്മിസ്ട്രസ്സ് സി. മെറിൻ സി എം സി, പി ടി എ റെബി ജോസ്, എം പി ടി എ പ്രസിഡൻ്റ് ഡിനി മാത്യു എന്നിവർ സന്നിഹിതരായിരുന്നു.എം പി ടി എ പ്രസിഡൻ്റ് ഡിനി മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

## ഡോക്ടേഴ്സ് ഡേ

ജൂലൈ 1 ഡോക്ടേഴ്സ് ദിനത്തോട് അനുബന്ധിച്ചു നമ്മുടെ സ്കൂളിലെ ഹെഡ്മിസ്ട്രസ് സി മെറിൻ സി എം സി, സ്കൗട്ട് ആൻഡ് ഗൈഡ് , ജെ ആർ സി കുട്ടികൾ, അധ്യാപകർ എന്നിവർ വാഴക്കുളം സെൻ്റ് ജോർജ് ഹോസ്പിറ്റൽ സന്ദർശിക്കുകയും അവിടെ ജോലിചെയ്യുന്ന ഡോക്ടേഴ്സിന് ആദരം അർപ്പിക്കുകയും ചെയ്തു.ഈ ഹോസ്പിറ്റലിൽ നീണ്ട നാളായി സുസ്ത്യർഹമായ സേവനം അനുഷ്ഠിക്കുന്ന ഡോ.തേജസ്സ് കൊച്ചികുന്നേലിന് പ്രത്യേക അനുമോദനം നൽകുകയും ചെയ്തു .

### വാങ്മയം പ്രതിഭാ നിർണയ
## പരീക്ഷ

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ കലൂർക്കാനടത്തിയജില്ലാത ലത്തിൽ നടത്തിയ വാങ്മയം പ്രതിഭാനിർണയ പരീക്ഷയിൽ യുപി വിഭാഗത്തിൽ ആമി ജോസഫ് ഒന്നാം സ്ഥാനവും ഹൈസ്കൂൾ വിഭാഗത്തിൽ നിയ അന്ന പ്രവീൺരണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ

ലിറ്റിൽ കൈറ്റ് മാസ്റ്റർ ബിബിഷ് ജോൺ ലിറ്റിൽ കൈറ്റ് മിസ്ട്രസ് ടിനു കുമാർ എന്നിവരുടെ നേതൃത്വത്തിൽ എട്ടിലെ കുട്ടികൾക്കായി ലിറ്റിൽ കൈറ്റ് അഭിരുചി പരീക്ഷ നടത്തി. 109 കുട്ടികൾ അപേക്ഷ തന്നതിൽ 107 കുട്ടികളാണ് പരീക്ഷ എഴുതിയത്.മുതിർന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരീക്ഷ ഡോക്യുമെൻ്റ് നടത്തി. വിജയിക്കുന്ന ആദ്യത്തെ 40 കുട്ടികൾക്ക് ക്ലബ്ബിൽ അംഗത്വം ലഭ്യമാകും.



പരീക്ഷയുടെ നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കുന്ന കുട്ടികൾ .അഭിരുചി പരീക്ഷ

### ഐടി , പ്രവൃത്തിപരിചയ
## മേളകൾ

ഈ അധ്യയന വർഷത്തിലെ മേളയ്ക്ക് വേണ്ടി കുട്ടികളിലെ സർഗാത്മക കഴിവുകളെ കണ്ടെത്തി നേരത്തെ തന്നെ കുട്ടികളെ തിരഞ്ഞെടുക്കാനം അവർക്ക് വേണ്ട പരിശീലനം നല്കുന്നതിനുമായി 30/06/2025 ന് ഐ ടി , പ്രവൃത്തിപരിചയ മേളകൾ നടത്തി. ധാരാളം കുട്ടികൾക്ക് അവരുടെ കഴിവുകൾ തെളിയിക്കാൻ ഉള്ള അവസരം കൂടി ആയിരുന്നു ഈ മേള വഴിയൊരുക്കിയത് . രാവിലെ 9.30-12.30 വരെ ആയിരുന്നു മത്സരസമയം . .



ഐടി മേളയിൽ പങ്കെടുക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കമ്പ്യൂട്ടർ ലാബിൽ ഐടി മേള നടക്കുന്നു പ്രവൃത്തി പരിചയ മേള പ്രവൃത്തി പരിചയ മത്സരങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾ

## ജർമ്മൻ ഭാഷപഠനം

ജർമ്മൻ ഭാഷ പഠിക്കാൻ താല്പര്യം ഉള്ള കുട്ടികൾക്ക് വേണ്ടി ഇൻറർനാഷണൽ ലാംഗ്വേജ് സ്കൂളിൻ്റെ നേതൃത്വത്തിൽ സ്കൂളിൽ ജർമ്മൻ ഭാഷാ പഠനം ആരംഭിച്ചു.
ജർമ്മൻ ക്ലാസ് കേൾക്കുന്ന കുട്ടികൾ.ജർമ്മൻ ക്ലാസ് കേൾക്കുന്ന കുട്ടികൾ ജർമ്മൻ അധ്യാപകൻ കുട്ടിയുമായി സംവദിക്കുന്നു.ക്ലാസ് നയിക്കുന്ന ജർമ്മൻ അധ്യാപകർ .ഒന്നര മണിക്കൂ്റ നീണ്ടുനിന്ന ഒരു ക്ലാസായിരുന്നു.

## വാഴക്കുളം ഡയാലിസിസ് സെന്ററിന് ഒരു കൈത്താങ്ങ്

നിർദ്ധനരായ ഡയാലിസിസ് രോഗികളെ സഹായിക്കുക എന്ന ഉദ്ദേശ്യത്തിൽ ഒരു കോടി രൂപ സമാഹരണം എന്ന യജ്ഞവുമായി വാഴക്കുളം ചാരിറ്റബിൾ ട്രസ്റ്റ് മുന്നിട്ടിറങ്ങി. വാഴക്കുളം സെന്റ് . ജോർജ് ആശുപത്രിയോട് ചേർന്ന് ഒരു ഡയാലിസിസ് സെന്റർ ഒരുക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം. ഇവരെ സഹായിക്കാനും ഡയാലിസിസ് സെന്റർ ആരംഭിക്കാനുമായി കുട്ടികൾ പണം സമാഹരിച്ച് ട്രസ്റ്റിലേക്ക് കൈമാറി.

കുട്ടികൾ ശേഖരിച്ച തുക ട്രസ്റ്റിന് കൈമാറുന്നു കുട്ടികൾ ശേഖരിച്ച തുക ട്രസ്റ്റിന് കൈമാറുന്നു



## പരിസ്ഥിതി ദിനാചരണം



ജൂൺ അഞ്ചാം തീയതി പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സ്കൂൾ അസംബ്ലി നടത്തി. 10C ക്ലാസിലെ കുട്ടികളാണ് അസംബ്ലിക്ക് നേതൃത്വം നൽകിയത്. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച അസംബ്ലിയിൽ ഹെഡ്മിസ്ട്രസ് സി.മെറിൻ സി.എം.സി പരിസ്ഥിതിദിന പ്രതിജ്ഞ കുട്ടികൾക്ക് ചൊല്ലിക്കൊടുത്തു. തുടർന്ന് കുട്ടികൾ പത്രവാർത്ത വായിക്കുകയും പരിസ്ഥിതിദിന പോസ്റ്റർ പ്രദർശിപ്പിക്കുകയും ചെയ്തു. വിദ്യാർത്ഥിയായ ജോൺപോൾ കാവ്യാലാപനം നടത്തുകയും ആൽബർട്ട് ജീമോൻ ജോർജ് പ്രഭാഷണം നടത്തുകയും ചെയ്തു. അസംബ്ലിക്ക് ശേഷം എസ് പി സി, സ്കൗട്ട് ആൻഡ് ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ്, ജെ ആർ സി എന്നീ ക്ലബ്ബുകളുടെ സാന്നിധ്യത്തിൽ ഹെഡ്മിസ്ട്രസ് വൃക്ഷത്തൈ നട്ടു. ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകനായ ഡോണി ജോർജ് ഇതിന് നേതൃത്വം നൽകി. അധ്യാപികയായ സി. ജെറിന്റെയും നേതൃത്വത്തിൽ ശലഭോദ്യാനപാർക്ക് ഉദ്ഘാടന

## ക്ലാസ് പി ടി എ



പത്താം ക്ലാസിലെ കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള ക്ലാസ് പി.ടി.എ മെയ് 30-ാം തീയതി വെള്ളിയാഴ്ച സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. 10 മണിക്ക് ഈശ്വര പ്രാർത്ഥനയോടെ ക്ലാസ് ആരംഭിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് സി.മെറിൻ സി. എം.സി പരിശീലകൻ ശ്രീ. ടിറ്റോ ജോണി കണ്ണാട്ടിനെ സ്വാഗതം ചെയ്തു. പ്രൊഫഷണൽ കൗൺസിലറായ അദ്ദേഹം സൗദി അറേബ്യയയിലെ നോർക്ക കോവിഡ് 19 ഹെല്പ് ഡെസ്ക് കൗൺസിലിങ് ടീമിന്റെ തലവനായിരുന്നു. ലോകമെമ്പാടും വ്യത്യസ്ത പാഠ്യപദ്ധതികളെക്കുറിച്ച് പരിചയമുള്ള അദ്ദേഹം ഇപ്പോൾ ആവശ്യക്കാർക്ക് തന്റെ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനായി ഒരു ഗൈഡൻസ് സെന്റർ (ഇൻസ്പൈറ ഗൈഡൻസ് സെന്റർ) വാഴക്കുളത്ത് നടത്തുന്നു. സ്മാർട്ട് ലേർണിംഗ് എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു ക്ലാസ് നടത്തിയത്. പഠനം എങ്ങനെ ആസ്വാദ്യകരമാക്കാം, ലഹരിയുടെ വിപത്തുകൾ, മാതാപിതാക്കൾ കുട്ടികൾക്ക് മാതൃകയാകേണ്ടതിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ക്ലാസെടുത്തു. ഏറെ വിജ്ഞാനപ്രദമായിരുന്ന ക്ലാസിൽ പത്താം ക്ലാസിലെ ഭൂരിപക്ഷം കുട്ടികളും മാതാപിതാക്കളും പങ്കെടുത്തു. ഗണിതാധ്യാപിക സി. മരിയ ജോസ് ക്ലാസിന് നന്ദി ആശംസിച്ചു. 12 മണിയോടുകൂടി ക്ലാസ് അവസാനിച്ചു. തുടർന്ന് പുതിയ പാഠ്യപദ്ധതി സമീപനത്തിൽ വന്നിട്ടുള്ള കാഴ്ചപ്പാടുകൾ അധ്യാപകർ പങ്കുവെച്ചു.

# ലിറ്റിൽ കൈറ്റ്സ് അവാർഡ്

2023 - 24 ലെ മികച്ച യൂണിറ്റുകൾക്കുള്ള ലിറ്റിൽ കൈറ്റ്സ് അവാർഡിൽ ജില്ലാതലത്തിൽ മൂന്നാം സ്ഥാനം
കരസ്ഥമാക്കി .ജൂലൈ ആറിന് നിയമ സഭ മന്ദിരത്തിൽ വെച്ച് നടന്ന ചടങ്ങിൽ ലിറ്റിൽ കൈറ്റ് മാസ്റ്റർ ബിബീഷ് ജോൺ , ടിന്റ കുമാർ ഹെഡ്മിസ്ട്രസ് സിസ്റ്റർ മെറിൻ സി എം സി എന്നിവരും ലിറ്റിൽ കൈറ്റ്സ് മെമ്പർ ആയ കുട്ടികളും പങ്കെടുത്തു. വിദ്യാഭ്യാസ മന്ത്രി ബഹു . ബി ശിവൻകുട്ടിയുടെ കയ്യിൽ നിന്ന് അവാർഡ് ഏറ്റു വാങ്ങി . യോഗാദിനം, മ്യൂസിക് ദിനം എന്നിവ സ്കൂളിൽ ആഘോഷിച്ചു . പ്രതേകമായി നടന്ന അസ്സെംബ്ലയിൽ എസ് പി സി കുട്ടികൾ യോഗ അവതരിപ്പിച്ചത് ഏറെ ശ്രദ്ധേയമായ ഒന്നായിരുന്നു . സ്കൂൾ കൊയർ ടീം പാട്ടുകൾ പാടി.

## പത്താം ക്ലാസിലെ എഡ്‌വിൻ പൗലോ സെമിനാർ നടത്തുന്നു



പത്താം ക്ലാസിലെ എഡ്‌വിൻ പൗലോ സെമിനാർ നടത്തുന്നു

# കുട്ടികൾക്കയായി സെമിനാർ

ഫാദർ ജോൺ പോൾ, ഫാദർ ടിബിൻ, ഫാദർ ജോസഫ് കുട്ടികൾക്കായി ക്ലാസ്സ് നടത്തി. ഹൈസ്കൂൾ കുട്ടികൾക്ക് ഓഡിറ്റോറിയത്തിൽ വച്ചായിരുന്നു ക്ലാസ്സ് നടത്തിയത്. ആക്ഷൻ സോങ്ങോടുകൂടിയായിരുന്നു ക്ലാസ്സ് തുടങ്ങിയത്.

ആദ്യം ക്ലാസ്സ് എടുത്തത് ഫാദർ ജോൺ പോൾ, ടിബിൻ എന്നിവർ ആയിരുന്നു. മാതാപിതാക്കളുടെത്യാഗം, എന്താണ് സൗഹൃദം, എന്നിവയെക്കുറിച്ച് ക്ലാസ് എടുത്തു. കുട്ടികളുടെ ശ്രദ്ധ വർദ്ധിപ്പിക്കുന്ന കളികൾ, കുട്ടികളുമായുള്ള ഇന്ററാക്ടീവ് സെക്ഷൻ എന്നിവ ഉണ്ടായിരുന്നു. കുട്ടികൾക്കായി രസകരമായ കലാപരിപാടികൾ എന്നിവ നടത്തി. ഉച്ചയ്ക്ക് ശേഷം ഫാദർ ജോസഫ് ക്ലാസ് നയിച്ചത് ഭാവിയെക്കുറിച്ച് ബോധവാന്മാരാക്കുന്ന കളികൾ കളിപ്പിച്ചു.

# ലോക ജനസംഖ്യ ദിനം

2024 ജൂലൈ 9 ◌ാം തിയതി ലോക ജനസംഖ്യ ദിനത്തോട് അനുബന്ധിച്ച് അസംബ്ലി നടത്തി. 8 സി യിലെ കുട്ടികളും ശാലിനി സിസ്റ്ററും ശ്രിലക്ഷമി ടീച്ചറും അസംബ്ലിക്ക് നേതൃത്വം കൊടുത്തു. പ്രാർത്ഥന ഗാനത്തോടെ അസംബ്ലി ആരംഭിച്ചു. പിന്നീട് പ്രതിജ്ഞ, പത്രവാർത്ത, ചിന്താവിഷയം എന്നിവ പറയുകയുണ്ടായി. തുടർന്ന് ജനസംഖ്യദിന പ്രസംഗം പറഞ്ഞു. സ്കൂൾ കൊയർ ജനസംഖ്യ ദിനത്തോട് അനുബന്ധിച്ച് ഒരു ഗാനം ആലപിച്ചു . എച്ച് എം മെറിൻ സിസ്റ്റർ മാർഗനിർദേശങ്ങൾ നൽകി. കഴിഞ്ഞ ആഴ്ച നടത്തിയ മേളകളിൽ വിജയിച്ച കുട്ടികൾക്ക് സമ്മാനം വിതരണം ചെയ്തു. ദേശിയ ഗാനത്തോടെ അസംബ്ലി അവസാനച്ചു

# മലാലദിനം

11-7-2024 മലാല ദിനത്തോട് അനുബന്ധിച്ച് എട്ട് ബി-യിലെ കുട്ടികളാണ് അസംബ്ലിനടത്തിയത്. കുട്ടികൾ ഇംഗ്ലീഷിലായിരുന്നു അസംബ്ലി നടത്തിയത്. മലാല ദിനത്തേക്കുറിച്ചുംഅതിന്റെ പ്രാധാന്യത്തെക്കുറിച്ചും മജിമ സൈജൻ പ്രസംഗിച്ചു. സാന ഷൈജൻ മലാല ദിനത്താട് അനുബന്ധിച്ചുള്ള ചിന്താവിഷയംപങ്കുവെച്ചു. പിന്നിട് കലോത്സവത്തിൽ ഒന്നും രണ്ടും സമ്മാനം നേടിയവർക്ക് പ്രധാനാധ്യാപികസിസ്റ്റർ മെറിൻ സമ്മാനവിതരണം നടത്തി,ഗ്രീൻ ഗ്രൂപ്പ് ഒന്നാം സ്ഥാനവും യെല്ലാ ഗ്രൂപ്പ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. റെഡ് ഗ്രൂപ്പ്മൂന്നാം സ്ഥാനവും ബ്ലൂ ഗ്രുപ്പ് നാലാം സ്ഥാനവുമാണ് നേടിയത്.

